2026
MARCH
05
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിദ്യാർത്ഥികളുടെ ആധാർ പുതുക്കൽ: ഒരു ലക്ഷത്തിലധികം സ്കൂളുകളിൽ പൂർത്തിയായി

**ന്യൂഡൽഹി:** യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യു.ഐ.ഡി.എ.ഐ) ഇന്ത്യയിലുടനീളമുള്ള 1,03,000ത്തിലധികം സ്കൂളുകളിൽ ആധാറിൽ നിർബന്ധിത ബയോമെട്രിക് വിവരങ്ങൾ പുതുക്കുന്നതിനുള്ള നടപടിക്രമം പൂർത്തിയാക്കി. ഇതിലൂടെ ഏകദേശം 1.2 കോടി സ്കൂൾ കുട്ടികളെ അവരുടെ സ്കൂളുകളിൽ വെച്ചു തന്നെ ഇതുവരെ എം.ബി.യു പൂർത്തിയാക്കിയതായി അധികൃതർ അറിയിച്ചു. വിദ്യാഭ്യാസത്തിനായുള്ള ഏകീകൃത ജില്ലാ വിവരവിനിമയ സംവിധാനമായ യൂണിഫൈഡ് ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ എജ്യൂക്കേഷൻ പ്ലസ് (യു.ഡി.ഐ.എസ്.ഇ പ്ലസ്) ആപ്ലിക്കേഷനുമായുള്ള സാങ്കേതിക സംയോജനത്തിന് ശേഷം, 2025 സെപ്റ്റംബറിലാണ് സ്കൂൾ വിദ്യാർഥികൾക്കായുള്ള എം.ബി.യു തീവ്രയജ്ഞ കാമ്പയിന് യു.ഐ.ഡി.എ.ഐ തുടക്കമിട്ടത്. കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പിന്റെ യു.ഡി.ഐ.എസ്.ഇ പ്ലസുമായുള്ള സംയോജനം, സ്കൂളുകളിലെ കുട്ടികളുടെ നിർബന്ധിത ബയോമെട്രിക് പുതുക്കലിന്റെ സ്ഥിതി ദൃശ്യമാക്കാൻ വഴിയൊരുക്കി. ആധാർ നിർബന്ധിത ബയോമെട്രിക് പുതുക്കൽ നടത്തേണ്ട കുട്ടികളെ കണ്ടെത്താനും, എം.ബി.യു പൂർത്തിയാക്കുന്നതിനായി സ്കൂളുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും ഇത് സഹായിച്ചു.

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിദ്യാഭ്യാസ വകുപ്പുകൾ, ജില്ലാ ഭരണകൂടങ്ങൾ, സ്കൂളുകൾ, യു.ഐ.ഡി.എ.ഐയുടെ ആവാസവ്യവസ്ഥ പങ്കാളികൾ ഉൾപ്പെടെയുള്ളവരുമായി ചേർന്ന് യു.ഐ.ഡി.എ.ഐയുടെ രാജ്യത്തെ മേഖലാ ഓഫീസുകളും സംസ്ഥാന ഓഫീസുകളും കുട്ടികൾക്കായുള്ള പ്രക്രിയ ഏകോപിപ്പിക്കുന്നതിനായി പ്രവർത്തനം തുടരുകയാണ്. 4000 മെഷീനുകളെങ്കിലും ഇതിനായി ഉപയോഗത്തിലുണ്ട്. നടപടിയുടെ വേഗത ത്വരിതപ്പെടുത്തുന്നതിനായി ഇവയുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലാണ് യു.ഐ.ഡി.എ.ഐ. കുട്ടികളുടെ ആധാറിൽ ബയോമെട്രിക് വിവരങ്ങൾ പുതുക്കുന്നത്, ബാധകമാകുന്നിടത്തെല്ലാം വിവിധ സർക്കാർ പദ്ധതികൾക്ക് കീഴിലുള്ള ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ ലഭിക്കുന്നതിനുള്ള ആധികാരികത ഉറപ്പാക്കുന്നതിനും നീറ്റ്, ജെ.ഇ.ഇ, സി.യു.ഇ.ടി തുടങ്ങിയ മത്സര, സർവകലാശാലാതല പരീക്ഷകളിൽ രജിസ്റ്റർ ചെയ്യുന്നതിനും സഹായിക്കുന്നു.

2025 ഒക്ടോബർ ഒന്ന് മുതൽ ഒരു വർഷത്തേക്ക് 715 പ്രായപരിധിയിലുള്ള കുട്ടികൾക്ക് ആധാറിൽ ബയോമെട്രിക് വിവരങ്ങൾ പുതുക്കൽ സൗജന്യമാക്കിയിട്ടുണ്ട്. സ്കൂളുകളിൽ നടത്തുന്ന ക്യാമ്പുകൾക്ക് പുറമേ, രാജ്യത്തുടനീളം പ്രവർത്തിക്കുന്ന ഏതെങ്കിലും ആധാർ എന്റോൾമെന്റ് കേന്ദ്രങ്ങളോ ആധാർ സേവാ കേന്ദ്രങ്ങളോ സന്ദർശിച്ചും കുട്ടികൾക്ക് നിർബന്ധിത ബയോമെട്രിക് പുതുക്കൽ പൂർത്തീകരിക്കാം.

# ബ്രെയിൽ സ്റ്റേഷൻ മാപ്പ് ഒരുക്കി കൊച്ചി മെട്രോ; കാഴ്ച പരിമിതർക്ക് ഇനി സുഖമായി യാത്ര ചെയ്യാം

**കൊച്ചി:** കാഴ്ചപരിമിതിയുള്ള യാത്രക്കാർക്ക് സ്റ്റേഷൻ പരിസരം കൂടുതൽ സുഗമമായി മനസ്സിലാക്കാനും സ്വതന്ത്രമായി സഞ്ചരിക്കാനും സഹായിക്കുന്നതിനായി കൊച്ചി മെട്രോ ബ്രെയിൽ സ്റ്റേഷൻ മാപ്പും ഹാൻഡ്‌റെയിലുകളിലെ ബ്രെയിൽ സൂചനകളും ഒരുക്കി. കൊച്ചി മെട്രോയുടെ ചങ്ങമ്പുഴ പാർക്ക് സ്റ്റേഷനിലാണ് സി.ഐ.ഐ-യംഗ് ഇന്ത്യൻസിന്റെ പ്രോജക്ട് ദിശയുടെ സഹകരണത്തോടെ ഇവ ഒരുക്കിയിരിക്കുന്നത്. സ്റ്റേഷന്റെ വിന്യാസം സ്പർശമാർഗ്ഗം തിരിച്ചറിയാൻ കഴിയുന്ന രീതിയിലാണ് ബ്രെയിൽ സ്റ്റേഷൻ മാപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിലൂടെ പ്രവേശന കവാടങ്ങൾ, ടിക്കറ്റ് കൗണ്ടർ, എസ്കലേറ്റർ, ലിഫ്റ്റ്, പ്ലാറ്റ്ഫോം തുടങ്ങിയ പ്രധാന സൗകര്യങ്ങൾ എവിടെയാണെന്ന് കാഴ്ചപരിമിതിയുള്ള യാത്രക്കാർക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഇതിനൊപ്പം സ്റ്റേഷനിലെ ഹാൻഡ്‌റെയിലുകളിൽ ബ്രെയിൽ അടയാളങ്ങളും ദിശാസൂചനകളും സ്ഥാപിച്ചിട്ടുണ്ട്. യാത്രയ്ക്കിടെ തുടർച്ചയായി ലഭിക്കുന്ന ഈ സ്പർശ സൂചനകൾ യാത്രക്കാരെ ശരിയായ ദിശയിൽ നയിക്കുകയും പ്രധാന സൗകര്യങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. ബ്രെയിൽ ബോർഡുകളും മറ്റ് ദിശാസൂചനകളും ഉൾപ്പെടുത്തി ഒരുക്കിയിരിക്കുന്ന ഈ സംവിധാനം കാഴ്ചപരിമിതിയുള്ള യാത്രക്കാർക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ യാത്ര ചെയ്യാൻ അവസരമൊരുക്കും. ഇത്തരം സൗകര്യങ്ങൾ ഒരുമിച്ച് ലഭ്യമാകുന്നത് കാഴ്ചപരിമിതിയുള്ള യാത്രക്കാർക്ക് സ്റ്റേഷനിൽ സ്വതന്ത്രമായി സഞ്ചരിക്കാനും യാത്ര സ്വയം ആസൂത്രണം ചെയ്യാനും സഹായകരമാകും. അതോടൊപ്പം മറ്റുള്ളവരുടെ സഹായത്തെ ആശ്രയിക്കേണ്ട സാഹചര്യം കുറയ്ക്കുന്നതിനും ഇത് വഴിയൊരുക്കും. കെ.എം.ആർ.എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പദ്ധതി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കെ.എം.ആർ.എൽ ഡയറക്ടർ (സിസ്റ്റംസ്) സഞ്ജയ് കുമാർ, ചീഫ് ജനറൽ മാനേജർ (ഓപ്പറേഷൻസ്) എ. മണികണ്ഠൻ, ജനറൽ മാനേജർ (എച്ച്.ആർ) മിനി ഛബ്ര, ചീഫ് മാനേജർ (മാർക്കറ്റിംഗ്) മുരളീകൃഷ്ണൻ യംഗ് ഇന്ത്യൻസ് ഭാരവാഹികളായ ആഷിക ജെയിൻ, ദീപു സേവ്യർ, മാത്യു കുരുവിള എന്നിവർ പങ്കെടുത്തു.



# യുദ്ധഭൂമിയിൽ നിന്ന് 186 മലയാളികളെ നാട്ടിലെത്തിച്ചു

**കൊച്ചി:** യുദ്ധ സാഹചര്യത്തിൽ നാട്ടിലെത്താൻ വിഷമിക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് സഹായ ഹസ്തവുമായി അക്ബർ ട്രാവൽസ് ഗ്രൂപ്പ്. പശ്ചിമ ഏഷ്യയിലെ സംഘർഷത്തെ തുടർന്ന് യു എ ഇ യിൽ ഉള്ള മലയാളികൾ ഉൾപ്പെടെ 186 യാത്രക്കാർക്ക് അക്ബർ ട്രാവൽസ് കൊച്ചിയിലേക്കും , മുംബൈയിലേക്കും പ്രത്യേക ചാർട്ടർ വിമാനങ്ങൾ സജ്ജമാക്കിയത്. കൊച്ചിയിലേക്കുള്ള വിമാനത്തിൽ കുട്ടികൾ ഉൾപ്പെടെ 186 യാത്രക്കാരും, മുംബൈയിലേക്ക് 187 യാത്രക്കാരുമുണ്ട്. യുദ്ധത്തിന്റെ ഭീതിയിൽ ആയിരക്കണക്കിന് യാത്രകാർ വിവിധ പ്രദേശത്ത് കുടുങ്ങി കിടക്കുകയാണ്. ഈ പ്രതിസന്ധി ഘട്ടങ്ങളിൽ ഇന്ത്യൻ സമൂഹത്തിനൊപ്പമുണ്ടാകുകയും യാത്രക്കാരുടെ സുരക്ഷിതവും സമയബന്ധിതവുമായ മടക്കയാത്ര ഉറപ്പാക്കുകയും ചെയ്യുന്നതിൽ അക്ബർ ട്രാവൽസിന്റെ പിന്തുണയുണ്ടാകുമെന്ന് അക്ബർ ഗ്രൂപ്പ് സി.എം.ഡി ഡോ: കെ വി അബ്ദുൽ നാസർ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഇപ്പോഴത്തെ പ്രതിസന്ധി സാഹചര്യത്തിൽ ഇത്തരം സഹായകരമായ ദൗത്യം നിറവേറ്റാൻ അക്ബർ ടാവൽസിന് കഴിയുന്നതിൽ അഭിമാനവും, സന്തോഷവുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# തെരഞ്ഞെടുപ്പിൽ കള്ളപ്പണം ഒഴുക്കൽ; തടയാൻ ആദായ നികുതി വകുപ്പിന്റെ കൺട്രോൾ റൂം

**കൊച്ചി:** തെരഞ്ഞെടുപ്പിൽ കണക്കിൽപ്പെടാത്ത പണം ഉപയോഗിക്കുന്നത് തടയുന്നതിന് ആദായനികുതി വകുപ്പ് സമഗ്രമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സമയത്ത്, സംസ്ഥാനത്തിനുള്ളിൽ തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധ്യതയുള്ളതോ അത്തരത്തിൽ സംശയിക്കപ്പെടുന്നതോ ആയ കണക്കിൽപ്പെടാത്ത പണം, സ്വർണ്ണം, വെള്ളി, വിലയേറിയ ലോഹങ്ങൾ, മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ നീക്കത്തെക്കുറിച്ച് കേരളത്തിലെ ആദായനികുതി ഡയറക്ടറേറ്റ് (അന്വേഷണ വിഭാഗം) കർശനമായ നിരീക്ഷണം നടത്തും. ഇതിന്റെ ഭാഗമായി കൊച്ചിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു. വിശ്വസനീയമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യാം. ഇതിനായി, ടോൾഫ്രീ നമ്പർ: 18004253173,മൊബൈൽ / വാട്ട്സ്ആപ്പ് നമ്പർ: 8547002030. ഇമെയിൽ: kerala.election2024@incometax.gov.in എന്നിവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുള്ള വേളയിൽ ഏത് സമയത്തും ടോൾഫ്രീ നമ്പറിൽ ബന്ധപ്പെടാം. വിവരദാതാക്കൾ പേര് അല്ലെങ്കിൽ തിരിച്ചറിയുന്നതിനുള്ള മറ്റു വ്യക്തിഗത വിവരങ്ങൾ എന്നിവ വെളിപ്പെടുത്തേണ്ടതില്ല. എന്നാൽ, നൽകുന്ന വിവരങ്ങൾ വിശ്വസനീയവും നിയമപരമായി നടപടി എടുക്കേണ്ടതരത്തിലുള്ളതുമായിരിക്കണം. നിയമസഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കപ്പെടുന്നത് മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ കൺട്രോൾ റൂം പ്രവർത്തനക്ഷമമായി തുടരും. വിവരം നൽകുന്നവരുടെ വിവരങ്ങൾ കർശനമായും രഹസ്യമായി സൂക്ഷിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടി

## കൊച്ചി

- **പാലാരിവട്ടം മൺസൂൺ എംപ്രസ് ഹോട്ടൽ :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന്റെ സുവർണ ജൂബിലിയുടെ മുന്നോടിയായി കർട്ടൻ റൈസർ പരിപാടി വൈകിട്ട് 5ന് കേരള ഹൈക്കോടതി ജഡ്ജി ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിക്കും. എസ്ഐഎഫ്, കുസാറ്റ് ഡയറക്ടർ ഡോ. മിനി ശേഖരൻ, ഫൗൻഡർ വൈസ് ചാൻസലർ പ്രോ.(ഡോ) ബി. മദുസൂദനൻ, ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ, ഡോ. കാജൽ ചക്രവർത്തി, കെ. എൻ. രാഘവൻ, അലക്സ് നൈനാൻ, സുനിൽ കുമാർ പി. എന്നിവർ പങ്കെടുക്കും.
- **ഹോട്ടൽ ക്ലാസിക് ഓഡിറ്റോറിയം :** ജനതാ ലേബർ യൂണിയൻ എറണാകുളം ജില്ലാ കമ്മിറ്റി ജനതാ കൺസ്ട്രക്ഷൻ ആൻഡ് ലേബേഴ്സ് ജില്ലാ കമ്മിറ്റി രൂപീകരണ സമ്മേളനം വൈകിട്ട് 5ന് ജെ. എൽ. യൂ ജില്ലാ പ്രസിഡന്റ് ബിജു തേറാട്ടിൽ ഉദ്ഘാനം ചെയ്യും.
- **കൊച്ചി ഫിഷറീസ് സർവകലാശാല :** 'കടൽപ്പായലും നീല സമ്പദ് വ്യവസ്ഥയും ' ആഗോള ശാസ്ത്രസമ്മേളനം കേന്ദ്ര ഫിഷറീസ് സഹ മന്ത്രി ജോർജ് കുര്യൻ രാവിലെ 9.30 ന് ഉദ്ഘാടനം ചെയ്യും. കുഫോസ് വൈസ് ചാൻസലർ പ്രൊഫസർ എ. ബിജുകുമാർ അധ്യക്ഷത വഹിക്കും.

## കോതമംഗലം

- **നേര്യമംഗലം ഫയർ സ്റ്റേഷൻ :** നേര്യമംഗലം ഫയർ സ്റ്റേഷൻ ഉദ്ഘാടനം ഉച്ചക്കഴിഞ്ഞ് 3.30 ന് .

**ഭൂതത്താൻകെട്ട് തടാകം :** ബോട്ടിംഗ് സർവീസ് ഉദ്ഘാടനം രാവിലെ 9 .30 ന്

ഷൂട്ട് @ സൈറ്റ്



**ആശ്വാസ തീരത്ത്.......** പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് യു.എ.ഇ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ നിന്നുള്ള മലയാളികളെ പ്രത്യേക ചാർട്ടർ വിമാനങ്ങളിൽ നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിച്ചപ്പോൾ.

**എ. എസ് സതീഷ്**

# ബ്രഹ്മപുരത്ത് ഡയപ്പർ ഇൻസിനിറേറ്റർ പ്ലാന്റ് പ്രവർത്തനമാരംഭിച്ചു



**കൊച്ചി:** ഉപയോഗിച്ച ഡയപ്പർ, സാനിറ്ററി പാഡ് എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ബ്രഹ്മപുരത്ത് നിർമിച്ച കമ്യൂണിറ്റി ലെവൽ ഇൻസിനിറേറ്റർ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. പ്ലാന്റിന്റെ പ്രവർത്തനോദ്ഘാടനവും വാതിൽപ്പടി ശേഖരണവും മേയർ അഡ്വ. വി. കെ മിനിമോൾ നിർവഹിച്ചു.

വാതിൽപ്പടി ശേഖരണത്തിന്റെ ഭാഗമായി സംഭരിച്ച ബയോ മെഡിക്കൽ വേസ്റ്റുകളുമായി ബ്രഹ്മപുരത്തേക്കുള്ള വാഹനം മേയർ ഫ്ളാഗ് ഓഫ് ചെയ്തു. ഡെപ്യൂട്ടി മേയർ ദീപക് ജോയ് അധ്യക്ഷത വഹിച്ചു. ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ സീന ടീച്ചർ, കോർപ്പറേഷൻ സെക്രട്ടറി പി.എസ് ഷിബു തുടങ്ങിയവർ സംസാരിച്ചു. സക്സസ്സ് പ്രൊജക്റ്റ്സ് എം.ഡി രാജീവ് കെ നമ്പ്യാർ, ചന്ദ്രശേഖർ, സ്ഥിരം സമിതി അധ്യക്ഷൻമാർ, കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

# സൗജന്യ ചികിത്സക്കായി ചെലവഴിച്ചത് 1600 കോടി രൂപ: മന്ത്രി വീണാ ജോർജ്ജ്

**കൊച്ചി:** സംസ്ഥാന സർക്കാർ ജനങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി 1600 കോടി രൂപ ചെലവഴിച്ചുവെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച മാതൃ ശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും വിവിധ പദ്ധതികളുടെയും ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഒരു നയം ആവിഷ്കരിക്കുകയും അത് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്നുള്ളതാണ് സർക്കാരിന്റെ ഉത്തരവാദിത്വം. അത്തരത്തിൽ സർക്കാരിന്റെ നയമാണ് ആർദ്രം മിഷൻ. രോഗത്തിന്റെ മുന്നിൽ ഒരാൾ പോലും നിസ്സഹായരായി പോകാതെ ചികിത്സ എല്ലാവർക്കും പ്രാപ്യമാക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ 3000ത്തോളം ഡയാലിസിസ്, 200 ആൻജിയോപ്ലാസ്റ്റികൾ എന്നിവ നടക്കുന്നു.

എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബുകൾ സാധ്യമാക്കി. ആധുനിക ചികിത്സ, സ്ട്രോക്ക് യൂണിറ്റുകൾ, റോബോട്ടിക് സർജറി, കാൻസർ ചികിത്സാരംഗത്ത് നൂതനമായ ഗവേഷണങ്ങൾ, കാർടിസെൽ തെറാപ്പി, ലക്ഷക്കണക്കിന് ചെലവ് വരുന്ന മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ, ലിവർ ട്രാൻസ്പ്ലാന്റേഷൻ, അഞ്ച് വയസ്സു വരെയുള്ള കുട്ടികൾക്ക് സ്പൈനൽ മസ്കുലാർ അട്രോഫി പോലുള്ള അപൂർവ്വ രോഗങ്ങൾക്ക് സൗജന്യ ചികിത്സ തുടങ്ങി നിരവധിയായ നേട്ടങ്ങൾ സർക്കാർ ആശുപത്രികളിൽ സാധ്യമാക്കാൻ സാധിച്ചുവെന്നും മന്ത്രി കൂട്ടിചേർത്തു. ഗർഭിണികൾക്കും കുട്ടികൾക്കും ഉന്നത നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജിൽ 285.31 കോടി രൂപ ചെലവിൽ 8.27 ലക്ഷം ചതുരശ്രയടി വിസ്തൃതിയിൽ 850 കിടക്കകളുള്ള പുതിയ ബ്ലോക്ക് നിർമ്മിച്ചിരിക്കുന്നത്.

ഉന്നത നിലവാരത്തിലുള്ള ആധുനിക രോഗനിർണയ സംവിധാനങ്ങൾ ഉൾപ്പെടുന്ന മാതൃ ശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ഐ.സി.എം ആറിൽ നിന്നും ഒരു കോടി 97 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ലെവൽ 2 വൈറോളജി ടെസ്റ്റിംഗിന് പര്യാപ്തമായ മൈക്രോബയോളജി ലാബ്, ഹെൽത്ത് ഹബ്ബിന്റെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും രണ്ടു കോടി 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 12 പേ വാർഡുകൾ, ത്വക്ക് രോഗ വിഭാഗത്തിന് കീഴിൽ അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടുത്തി ബി.പി.സി.എൽ ന്റെ സഹകരണത്തോടെ സജ്ജീകരിച്ച കോസ്മെറ്റോളജി ക്ലിനിക്, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും രണ്ടുകോടി ചെലവഴിച്ച് നിർമ്മിച്ച മൾട്ടിപാർക്കിംഗ് ഷെഡ്, ആരോഗ്യ കുടുംബക്ഷമ വകുപ്പിന്റെ 2023 –24 പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി 15 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച അക്കാദമിക് ബ്ലോക്ക് ലിഫ്റ്റ് എന്നിവയുടെ ഉദ്ഘാടനവും, 2024 – 2025 പ്ലാൻ ഫണ്ടിൽ നിന്നും 3 കോടി 67 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ബി.എം. ബി.സി. നിലവാരത്തിലുള്ള റോഡുകളുടെ നിർമ്മാണ ഉദ്ഘാടനവും ആണ് ചടങ്ങിൽ നടന്നത്. ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷനായി. ഇടുക്കി കട്ടപ്പന റൂട്ടിൽ കളമശ്ശേരി മെഡിക്കൽ കോളേജിലേക്ക് പുതുതായി സർവീസ് ആരംഭിച്ച കെ.എസ്.ആർ.ടി.സി.ബസ് അദ്ദേഹം ഫ്ളാഗ് ഓഫ് ചെയ്തു. ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികളുടെ ഫലക അനാച്ഛാദനവും അദ്ദേഹം നിർവഹിച്ചു.

# ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് യോഗം : 15 പരാതികൾ തീർപ്പാക്കി

**കൊച്ചി:** ജില്ലയിലെ വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലൈസൻസ് അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ്, ജില്ലാതല പരാതി പരിഹാര സമിതി എന്നിവയുടെ സംയുക്ത യോഗം ചേർന്നു.

ജില്ലാ കളക്ടർ ജി. പ്രിയങ്ക ചെയർപേഴ്സണും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് യോഗത്തിൽ ആകെ 32 അപേക്ഷകളാണ് പരിഗണിച്ചത്. അതിൽ 15 എണ്ണം തീർപ്പാക്കി. ജില്ലാതല പരാതി പരിഹാര സമിതി യോഗത്തിൽ ഏഴ് അപേക്ഷകൾ പരിഗണിക്കുകയും അതിൽ രണ്ടെണ്ണം തീർപ്പാക്കുകയും ചെയ്തു. അധിക വിവരങ്ങൾ ആവശ്യമുള്ളതും അപേക്ഷകർ ഹാജരാകാതിരുന്നതുമായ 22 കേസുകൾ അടുത്ത യോഗത്തിൽ പരിഗണിക്കും. നമ്മുടെ നാട്ടിൽ കൂടുതൽ വ്യവസായ നിക്ഷേപങ്ങളും അതുവഴി തൊഴിലവസരങ്ങളും വരേണ്ടത് അനിവാര്യമാണെന്നും അതിനാൽ തങ്ങൾക്ക് മുന്നിൽ വരുന്ന അപേക്ഷകളിൽ പരമാവധി പ്രായോഗിക പരിഹാരം ഉറപ്പാക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും ജില്ലാ കളക്ടർ നിർദേശിച്ചു. കളക്ടറേറ്റ് ട്രെയിനിംഗ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇൻ ചാർജ് പി. സ്വപ്ന, കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് ടോം തോമസ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ജി.വിനോദ്, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പരീക്ഷാക്കാലം: ആത്മവിശ്വാസത്തോടെ നേരിടാം



*അഡ്വ. ചാർളി പോൾ*

പഠനം കഴിഞ്ഞ്, പരീക്ഷകളിലേക്ക് പ്രവേശിക്കുകയാണ് വിദ്യാർത്ഥികൾ. കുട്ടികൾക്ക് മാത്രമല്ല മാതാപിതാക്കൾക്കും അധ്യാപകർക്കും പരീക്ഷക്കാലം ടെൻഷൻ കാലമാണ്. ചെറിയ ടെൻഷൻ ഉള്ളത് നല്ലതാണ്. അധികം ആകുന്നത് ആപത്തും. തങ്ങളുടെ ഭാവി, പഠനം, ജോലി, ഉയർച്ച എന്നിവയെല്ലാം ഒരു പരിധിവരെ പരീക്ഷകളിലൂടെയാണ് തീരുമാനിക്കപ്പെടുന്നതെന്ന തിരിച്ചറിവ് കുട്ടികൾക്ക് വേണം. എന്നാൽ മറ്റുള്ളവർ കുട്ടികളുടെ ടെൻഷൻ വർധിപ്പിക്കുന്ന സമീപനങ്ങൾ സ്വീകരിക്കുത്.

## സാന്ത്വനം പകരുന്ന കൗൺസിലർമാർ

പരീക്ഷാക്കാലത്ത് മാതാപിതാക്കളും അധ്യാപകരും കുട്ടികൾക്ക് സാന്ത്വനം പകരുന്ന കൗൺസിലർമാരായി മാറണം. കുട്ടികളുടെ പിരിമുറുക്കം വർദ്ധിപ്പിച്ചാൽ നല്ല പ്രകടനം പരീക്ഷയിൽ കാഴ്ചവയ്ക്കാൻ സാധിക്കാതെ വരും. പിരിമുറുക്കം വർധിക്കുമ്പോൾ കുട്ടികളുടെ ചിന്താശേഷി വഴിവിട്ടു പോകും, മനസ്സിന്റെ സമനിലയിൽ വ്യത്യാസം വരും, യുക്തിഭദ്രത കുറയും, ആത്മവിശ്വാസം കുറയും, പ്രവർത്തനക്ഷമത മോശമാകും, അറിയാവുന്ന ഉത്തരവും എഴുതി ഫലിപ്പിക്കാൻ കഴിയാതെ പോകും, സ്വന്തം കഴിവ് മുഴുവൻ പ്രകടമാക്കാൻ കഴിയാതെ വരും, ശാരീരിക മാനസിക അസ്വസ്ഥതകളും രോഗങ്ങളും തലപൊക്കിയേക്കാം. കുട്ടിയെ മനസ്സിലാക്കുക, കുട്ടിക്ക് കഴിയുന്നതിനുമപ്പുറം പ്രതീക്ഷിക്കരുത്. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കാൻ ശ്രമിക്കരുത്.

വഴക്കുകൾ, ശാസനകൾ, ശാപവാക്കുകൾ, കളിയാക്കൽ, ടെൻഷൻ ഉണ്ടാക്കുന്ന ക്രോസ്സ് വിസ്താരങ്ങൾ, നെഗറ്റീവ് വാക്കുകൾ എന്നിവ ഒഴിവാക്കണം. മറ്റു കുട്ടികളുമായി താരതമ്യം ചെയ്ത്, കൊച്ചാക്കി അവരുടെ മനസ്സിനെ ഇടിച്ച് താഴ്ത്തരുത്. നീണ്ട ഉപദേശങ്ങൾ വേണ്ട, ക്രിയാത്മക നിർദ്ദേശങ്ങൾ മതി. പഠനത്തിന് അനുകൂലമായ സ്നേഹവും സൗഹൃദവുമുള്ള കുടുംബാന്തരീക്ഷം പരീക്ഷ വേളയിൽ ഉണ്ടാകണം. ആത്മവിശ്വാസം പകരുന്ന, ഒരു സുഹൃത്തിനെപ്പോലെ സാന്നിധ്യം കൊണ്ട് സഹായിക്കുന്ന, പഠന സഹായങ്ങൾ ചെയ്തു കൊടുക്കുന്ന, നന്മ പറയുന്ന, പ്രോത്സാഹിപ്പിക്കുന്ന സമീപനങ്ങളാണ് ഗുണം ചെയ്യുക.

പരീക്ഷ കഴിഞ്ഞെത്തിയ കുട്ടിയെ തെറ്റുകളും പോരായ്മകളും ചൂണ്ടിക്കാട്ടി പിരിമുറുക്കം കൂട്ടരുത്. 'പോട്ടെ സാരമില്ല ' എന്ന് പറഞ്ഞ് ആശ്വസിപ്പിച്ച ശേഷം വന്നുപോയ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം എന്ന് പറയുക. അടുത്ത പരീക്ഷയ്ക്ക് ഭംഗിയായി പങ്കെടുക്കാൻ സഹായിക്കുക. അനുഭാവപൂർവ്വം സമാധാനത്തിന്റെ ഭാഷയിൽ സംസാരിക്കുക. 'നീ മിടുക്കനാണ്, നാളെ മികച്ച പ്രകടനം നടത്താൻ നിനക്ക് കഴിയും, അതിനായി ഒരുങ്ങുക' എന്ന് പറയുക. താത്പര്യവും പ്രസന്നതയും ഊഷ്മളതയും പകർന്നു നൽകുക. മക്കൾ വിഷമിക്കുന്നതും മക്കളെ വിഷമിപ്പിക്കുന്നതും നന്നല്ല എന്ന് തിരിച്ചറിയുക. ഏതു പ്രതിസന്ധിയിലും മാതാപിതാക്കൾ ഒപ്പമുണ്ടെന്ന ചിന്തയാണ് കുട്ടികൾക്ക് പകർന്നു നൽകേണ്ടത്.

## റിവിഷൻ പ്രധാനം


ഏറ്റവും സാധാരണവും ഫലപ്രദവുമായ പഠനം മാർഗം റിവിഷനാണ്. ഹ്യസ്വകാല ഓർമ്മയിൽ നിന്ന് ദീർഘകാല ഓർമ്മയിലേക്ക് പഠിച്ചവയെ കൊണ്ട് പോകാൻ റിവിഷൻ സഹായിക്കും. ആവർത്തിച്ചു ഉറക്കെ വായിച്ചാൽ അത് ഓർമ്മയിൽ അടിയുറയ്ക്കും. തലച്ചോറിലെ 'ന്യൂറൽ പാത് വേ'കൾ പഠിച്ച കാര്യത്തിലേക്ക് കൂടുതൽ വഴി തുറക്കാൻ സഹായിക്കും. ആവർത്തനമാണ് ഓർമ്മയുടെ ശാസ്ത്രം. ആവർത്തിച്ചുള്ള പഠനം ഓർമ്മശക്തിയെ വർധിപ്പിക്കും.

## മറവിയെ മറികടക്കാം

മറവിയെ മറികടക്കാൻ മാർഗങ്ങളുണ്ട്. 1.പഠിച്ച കാര്യം കൂടെക്കൂടെ ഓർമ്മിക്കുക. 2. ശ്രദ്ധയോടും ഏകാഗ്രതയോടും കൂടി പഠിക്കുക. 3.സ്വന്തം ഓർമ്മ ശക്തിയിൽ വിശ്വസിക്കുക. 4.അർത്ഥമറിഞ്ഞ് പഠിക്കുക. 5. മുന്നറിവുമായി ബന്ധിപ്പിച്ച് പഠിക്കുക. 6. പഠിച്ചവ വീണ്ടും കൂടുതൽ പഠിക്കുക. 7. പഠിച്ചവ സ്വന്തം വാക്കുകളിൽ പറഞ്ഞു നോക്കുക. 8. പഠിച്ച പാഠം 24 മണിക്കൂറിനുള്ളിൽ റിവൈസ് ചെയ്യുക. 9. യുക്തിപൂർവ്വം പഠിക്കുക. 10. പ്രധാന പോയിന്റുകൾ മനസ്സിലുറപ്പിക്കുക. 11. ആസ്വദിച്ചു പഠിക്കുക. 12. ചെയ്തു പഠിക്കുക. ഈ മാർഗ്ഗങ്ങളെല്ലാം മറവിയെ തരണം ചെയ്യാൻ സഹായകമാണ്. പഠിച്ചിട്ടും ഓർമ്മയിൽ നിൽക്കാത്ത സൂത്രവാക്യങ്ങൾ, തത്വങ്ങൾ, ഉദ്ധരണികൾ , ഫോർമുല, വർഷം, പേര് തുടങ്ങിയവ ചെറിയ കാർഡുകളിൽ എഴുതി സൂക്ഷിക്കുക. ഇടയ്ക്കിടയ്ക്ക് മറിച്ചു നോക്കിയാൽ ഓർമ്മയിൽ കൊണ്ടുവരാനാകും.

## ആത്മവിശ്വാസം വർദ്ധിപ്പിക്കുക

എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങണമെന്ന നിശ്ചയദാർഢ്യത്തോടെ,വിഷയങ്ങൾ മനസ്സിലാക്കി പഠിക്കണം. മനസ്സാണ് പഠനത്തിൽ പ്രധാന പങ്കു വഹിക്കുന്നത്. മനസ്സിരുത്തി പഠിക്കണം. ശ്രദ്ധയും ഏകാഗ്രതയും പഠനത്തിൽ പ്രധാനമാണ്. നിഷേധചിന്തകൾ ഒഴിവാക്കി, ഉത്സാഹശീലരുമായി കൂട്ടുകൂടുക. ഓരോ വിഷയത്തിലും പഴയ ചോദ്യപേപ്പർ സംഘടിപ്പിച്ച് ട്രയൽ എക്സാം എഴുതി നോക്കണം. ഓരോ ട്രയൽ എക്




സാം കഴിയുമ്പോഴും ആത്മവിശ്വാസം വർദ്ധിക്കും. ടെൻഷൻ മാറും. പഠിക്കുമ്പോൾ തന്നെ പ്രധാന ആശയങ്ങൾ, ഫോർമുലകൾ, രാസനാമങ്ങൾ, നിർവചനങ്ങൾ എന്നിവയുടെ നോട്ടുകൾ കാർഡുകളിൽ തയ്യാറാക്കുക. ഇവ യാത്രക്കിടയിലും വിശ്രമാവസരങ്ങളിലും നോക്കി പഠിക്കുക. കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ എഴുതി പഠിക്കണം. ചിത്രങ്ങൾ വരച്ചു പഠിക്കണം. ഭാഷാ വിഷയങ്ങൾ പഠിക്കുമ്പോൾ ഓരോ വാക്കിന്റെയും കൃത്യമായ അർത്ഥം, വ്യാകരണം, ശൈലി എന്നിവ ശ്രദ്ധിക്കണം. ഉദ്ധരണികൾ, പഴമൊഴികൾ, കവിതകൾ എന്നിവ കഴിയുന്നത്ര മന:പ്പാഠമാക്കുക. ശാസ്ത്ര സാങ്കേതിക പദങ്ങൾ പഠിക്കുമ്പോൾ അവയ്ക്ക് ഭാഷയിൽ സാധാരണമായുള്ള അർത്ഥവും മനസ്സിലാക്കുക. ഗ്രാഫുകൾ, ചാർട്ടുകൾ , പട്ടികകൾ, ചുരുക്കെഴുത്തുകൾ തുടങ്ങിയവ എഴുതി പഠിക്കണം.

## പ്രാർത്ഥനയുടെ ശക്തി

പ്രാർത്ഥന, പഠനത്തിനും മന:ശാന്തിക്കും ഏറെ ഗുണം ചെയ്യും. പ്രാർത്ഥിച്ചു ഉണരുക, പ്രാർത്ഥിച്ചു ഉറങ്ങുക. പ്രാർത്ഥിച്ചു പഠിക്കുമ്പോൾ ഏകാഗ്രത വർദ്ധിക്കും. ആത്മബലം കൂടും പരീക്ഷ ഭീതി, ഉത്കണ്ഠ എന്നിവ വിട്ടകലും. പഠിക്കുക എന്ന കൃത്യത്തിന് പകരമല്ല പ്രാർത്ഥന. എല്ലാം നിങ്ങളിലാണാശ്രയിച്ചിരിക്കുന്നതെന്ന് കരുതി പഠിക്കുക. അതോടൊപ്പം എല്ലാം ദൈവത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് കരുതി പ്രാർത്ഥിക്കുക. ദൈവം നമ്മെ കാത്തുകൊള്ളും.

## ആഹാരക്രമം

ദിവസവും ധാരാളം വെള്ളം കുടിക്കുക. വെള്ളം തലച്ചോറിന് ഒരു നല്ല സ്റ്റിമുലന്റാണ്. ദിവസം 10 മുതൽ 12 ഗ്ലാസ് വെള്ളം കുടിക്കണം. ഓരോ 45 മിനിറ്റ് പഠനം കഴിയുമ്പോഴും വെള്ളം കുടിക്കണം. പച്ചക്കറികളും ഇലക്കറികളും പഴങ്ങളും കൂടുതൽ ഉപയോഗിക്കുക. ജങ്ക്ഫുഡ് ഒഴിവാക്കുക. നെല്ലിക്കാ ജ്യൂസും നാരങ്ങാവെള്ളവും കുടിക്കുക. ക്ഷീണം അകറ്റാൻ ഡോക്ടറുടെ നിർദ്ദേശപ്രകാരം ടോണിക്കുകൾ കഴിക്കാം. വിശന്നിരുന്നു പഠിക്കരുത് .അത് ഏകാഗ്രത കുറയ്ക്കും. അമിതാഹാരവും വേണ്ട, കൂടുതൽ കഴിച്ചാൽ ഉറക്കം വരും.

## പരീക്ഷാത്തലേന്ന്

പരീക്ഷയുടെ തലേന്നും സാധാരണപോലെ പഠിച്ചാൽ മതി. പുതുതായി ഒന്നും പഠിക്കാതിരിക്കുകയാണ് അഭികാമ്യം. ശാന്തതയോടെ, ആത്മവിശ്വാസത്തോടെ, ഏകാഗ്രതയോടെ പഠിക്കുക പഠിച്ച പാഠങ്ങൾ ആവർത്തിക്കുക. പ്രധാനപ്പെട്ട ആശയങ്ങൾ മനസിലുണ്ടെന്ന് ഉറപ്പുവരുത്തുക. പഠിക്കുമ്പോൾ തയ്യാറാക്കിയ നോട്ടുകൾ ഒന്നുകൂടി മറച്ചു നോക്കുക. ഉറങ്ങാൻ പോകുന്നതിനുമുൻപ് പരീക്ഷയ്ക്ക് കൊണ്ട് പോകാനുള്ള സാധനസാമഗ്രികൾ, സ്കൂളിൽ കൊണ്ടുപോകാനുള്ള ബാഗിൽ എടുത്തു വയ്ക്കുക. എഴുതുന്നതും മഷി നിറച്ചതുമായി പേനകൾ, പെൻസിൽ, കട്ടർ, റബ്ബർ,ജോമട്രി ബോക്സ്, സ്കെയിൽ, കാൽക്കുലേറ്റർ, കർച്ചീഫ്, ഹാൾടിക്കറ്റ് എന്നിവയെല്ലാം എടുക്കാൻ മറക്കരുത്. വാച്ച് കറക്ട് ചെയ്യുക. കൃത്യ സമയത്ത് ഉണരാൻ അലാറം വച്ചിട്ട് കിടക്കുക.

## പരീക്ഷാ ദിനത്തിൽ

പരീക്ഷാ ദിനത്തിൽ കുളിച്ച് വൃത്തിയായി വസ്ത്രം ധരിച്ച് ശുഭാപ്തി വിശ്വാസത്തോടെ പുറപ്പെടുക. പരീക്ഷ തുടങ്ങുന്നതിന് 20 മിനിറ്റ് മുമ്പെങ്കിലും സ്കൂളിൽ, കോളേജിൽ എത്തുക. എവിടെയാണ് പരീക്ഷ ഹാൾ എന്ന് മനസ്സിലാക്കി അതിന്റെ പരിസരത്ത് ഇരിക്കുക. പഠിച്ചവ ഒന്നുകൂടി മറിച്ചു നോക്കുക. ആവശ്യമെങ്കിൽ ടോയ്‌ലറ്റിൽ പോവുക. സമയമാകുമ്പോൾ പ്രസന്നതയോടെ ഹാളിൽ പ്രവേശിച്ച്, സ്വന്തം സ്ഥലം കണ്ടെത്തി ശാന്തതയോടെ ഇരിക്കുക. 'ഞാനും തയ്യാറെടുത്തിട്ടുണ്ട് ഞാൻ നന്നായിത്തന്നെ പരീക്ഷ എഴുതും, വിജയിക്കും' എന്ന് മനസ്സിൽ പറയുക. ജയത്തെക്കുറിച്ച് മാത്രം ചിന്തിച്ചാൽ മതി. ചോദ്യപേപ്പർ ലഭിച്ചതിനുശേഷമുള്ള 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ആണ്. ആ സമയം ചോദിക്കടലാസിലെ നിർദ്ദേശങ്ങൾ, ചോദ്യങ്ങൾ എല്ലാം ശ്രദ്ധയോടെ വായിക്കുക. ഏതെല്ലാം എഴുതാമെന്ന് തീരുമാനിച്ചു അടയാളപ്പെടുത്തുക. എഴുതുന്നതിന്റെ ക്രമം, രീതി തീരുമാനിക്കുക. ഹാൾ ടിക്കറ്റ് നോക്കി രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിലേക്ക് പകർത്തുക. പ്രധാന പേജിൽ പൂരിപ്പിക്കേണ്ടവ ശ്രദ്ധാപൂർവ്വം ചെയ്യുക. പേര്, നമ്പർ എന്നിവ വ്യക്തമായി എഴുതണം.

## എങ്ങനെ എഴുതണം

ആദ്യം ഉത്തരം നന്നായി അറിയുന്നവ ആയാൽ നന്ന്. ആദ്യ പേജിൽ നല്ല കൈയക്ഷരത്തിൽ വെട്ടും തിരുത്തും ഒഴിവാക്കി എഴുതിയാൽ നല്ല ഇംപ്രഷൻ കൊടുക്കാൻ സാധിക്കും. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. അറിയാത്തവയിലും എന്തെങ്കിലും എഴുതാൻ ശ്രമിക്കുക. മാർക്ക് ലഭിക്കും. ഏതെങ്കിലും ഒരു വാക്കോ, വർഷമോ ഫോർമുലയോ കിട്ടുന്നില്ലെങ്കിൽ അവ ഓർത്തിരുന്നു സമയം കളയാതെ പരീക്ഷ തുടരുക. ഓർമ്മ വരുമ്പോൾ അത് എഴുതുക. എല്ലാം സമയബന്ധിതമായി, മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം എഴുതണം. അവസാന ചോദ്യത്തിന് സമയമില്ലാതെ വന്നാൽ പ്രധാന ആശയങ്ങൾ എഴുതുക. സയൻസ് വിഷയങ്ങളിൽ ചിത്രങ്ങൾ ചേർക്കാം. കണക്കിന് ക്രിയകൾ ചെയ്താലും ക്രമത്തിന് മാർക്ക് ലഭിക്കും. ആലോചിച്ചു ചോദ്യത്തിന്റെ പൊരുൾ മനസ്സിലാക്കി ഉത്തരങ്ങൾ എഴുതണം. ചോദ്യത്തിന് കൃത്യമായ ഉത്തരം അത് മതി. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് എഴുത്തു നിർത്തുക. പേജ് നമ്പർ അനുസരിച്ച് പേപ്പർ തുന്നിക്കെട്ടുക. അഡീഷണൽ പേപ്പർ വാങ്ങുമ്പോൾ തന്നെ നമ്പർ ഇട്ടുവച്ചാൽ എളുപ്പമായിരിക്കും. ചോദ്യ നമ്പറുകൾ ഇട്ടിട്ടുള്ളത് ശരിയല്ലേ എന്ന് ഉറപ്പുവരുത്തുക. ഉത്തരപേപ്പർ ഒന്നുകൂടി വായിച്ച് അക്ഷരത്തെറ്റുകൾ,എഴുതാൻ മറന്നുപോയവ, വ്യാകരണ പിശകുകൾ, എന്നിവ തിരുത്തുക. പരീക്ഷ കഴിഞ്ഞാൽ അതിനെക്കുറിച്ച് വിശകലനമോ ചർച്ചയോ വേ ണ്ട. മാർക്ക് കൂട്ടലും സങ്കടപ്പെടലും വേണ്ട. തൊട്ടടുത്ത പരീക്ഷയ്ക്ക് വേണ്ടി കൃത്യമായി തയ്യാറെടുക്കുക. റിസൾട്ട് എന്തുതന്നെയായാലും ശാന്തതയോടെ സ്വീകരിക്കുക.

**(അഭിഭാഷകനും ട്രെയ്നറും മെന്ററും ലൈഫ് കോച്ചുമായ ലേഖകൻ, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെ പരിശീലകനാണ്)**

# പുരാരേഖകളുടെ കൊളോണിയൽ അധിനിവേശം; സമൂലം മാറ്റം വേണമെന്ന് ജിഹാൻ എൽ തഹ്‌രി

**കൊച്ചി:** കൊളോണിയൽ കാലഘട്ടത്തിലെ നിയമങ്ങൾ ഇപ്പോഴും പുരാരേഖ ഉടമസ്ഥാവകാശത്തെ സ്വാധീനിക്കുന്നുവെന്ന് കൊച്ചി ബിനാലെയിൽ ഈജിപ്ഷ്യൻ ,ഫ്രഞ്ച് ആർട്ടിസ്റ്റ് ജിഹാൻ എൽ തഹ്‌രി. കൊച്ചിമുസിരിസ് ബിനാലെ സംഘടിപ്പിക്കുന്ന വിവാൻ സുന്ദരം സ്മാരക പ്രഭാഷണ പരമ്പരയുടെ ഭാഗമായി ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ പവലിയനിൽ 'റെസ്റ്റിറ്റിയൂട്ടിംഗ് ഫ്രാഗ്മെന്റ്സ് ഓഫ് എവിഡൻസ്' (തെളിവുകളുടെ ഭാഗങ്ങൾ വീണ്ടെടുക്കൽ) എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അവർ. ആഫ്രിക്കൻ ചിത്രങ്ങളുടെയും ചലച്ചിത്ര ശേഖരങ്ങളുടെയും ഉടമസ്ഥാവകാശം ഇപ്പോഴും കൊളോണിയൽ കാലത്തെ നിയമങ്ങളാണ് നിശ്ചയിക്കുന്നതെന്ന് ചലച്ചിത്രകാരിയും വിഷ്വൽ ആർട്ടിസ്റ്റുമായ ജിഹാൻ എൽ തഹ്‌രി പറഞ്ഞു. കൊളോണിയൽ രേഖകൾക്കുമേലുള്ള യൂറോപ്യൻ പുരാരേഖകളുടെ നിയന്ത്രണത്തെ നിയമപരമായും ധാർമ്മികമായും രാഷ്ട്രീയമായും ചോദ്യം ചെയ്യണമെന്ന് അവർ പറഞ്ഞു.




പുരാരേഖ ചിത്രങ്ങൾ എങ്ങനെയാണ് സ്വകാര്യ സ്വത്തായി മാറിയതെന്നും കൊളോണിയൽ അധിനിവേശത്തിന് വഴിയൊരുക്കിയ നിയമങ്ങൾ എങ്ങനെയാണ് സമകാലിക പുരാരേഖ ഉടമസ്ഥാവകാശത്തെ സ്വാധീനിക്കുന്നതെന്നും അവർ വിശദീകരിച്ചു. ആഫ്രിക്കൻ ഭൂപ്രദേശങ്ങളെ ആർക്കും ഉടമസ്ഥാവകാശമില്ലാത്ത ഇടങ്ങളായി കണക്കാക്കിയ 'ടെറ നള്ളിയസ്' എന്ന നിയമതത്വമാണ് ബെൽജിയത്തിലെ ലിയോപോൾഡ് രണ്ടാമൻ രാജാവിന് കോംഗോയെ സ്വന്തം സ്വകാര്യ സ്വത്തായി പ്രഖ്യാപിക്കാൻ സഹായകരമായതെന്ന് അവർ ചൂണ്ടിക്കാട്ടി. 1960ൽ ഐക്യരാഷ്ട്രസഭ കൊളോണിയലിസത്തെ അപലപിച്ചെങ്കിലും, കൊളോണിയൽ പുരാരേഖകളിലൂടെ ശേഖരിക്കപ്പെട്ട അക്കാലത്തെ ഭരണനിയമങ്ങൾ യൂറോപ്യൻ സ്ഥാപനങ്ങളിൽ അവ നിലനിർത്താൻ സഹായിക്കുന്നുവെന്ന് തഹ്‌രി ചൂണ്ടിക്കാട്ടി. കൊളോണിയൽ ചിത്രങ്ങളുടെ നിയമപരമായ ഉടമസ്ഥാവകാശം ഇപ്പോഴും യൂറോപ്യൻ പുരാരേഖാ വകുപ്പിന് ആണെന്നത് വൈരുദ്ധ്യമാണെന്നും, ഈ ഉടമസ്ഥാവകാശത്തെ ചോദ്യം ചെയ്യേണ്ടതുണ്ടെന്നും അവർ വ്യക്തമാക്കി.

# ഏജന്റിക് എഐ ഹാക്കത്തോൺ: അഞ്ച് ടീമുകൾ വിജയികൾ




**കൊച്ചി:** കളമശ്ശേരി ഡിജിറ്റൽ ഹബ്ബിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച 'ബിൽഡ് ഫോർ ഇന്ത്യ' ഏജന്റിക് എഐ ഹാക്കത്തോണിൽ അഞ്ച് ടീമുകൾ വിജയികളായി. സെഡ് ഹാക്ക്, ലോറിയൽ, ലാറെസ്.എഐ, കൽടെക്, ടീം 420 എന്നീ ടീമുകളാണ് വിജയിച്ചത്. ഇവർ വികസിപ്പിച്ച എഐ കോൺടാക്റ്റ് സെന്ററുകൾ, വെരിഫിക്കേഷൻ ടൂളുകൾ, ഇൻഡസ്ട്രി മോണിറ്ററിംഗ് സംവിധാനങ്ങൾ എന്നിവ ഹാക്കത്തോണിൽ അവതരിപ്പിച്ചു. വിജയികളായ ഓരോ ടീമിനും സാമ്പത്തിക സഹായത്തിനു പുറമെ ഹാക്കത്തോണിന് ശേഷമുള്ള ഇൻകുബേഷൻ സൗകര്യം, മെമ്പർഷിപ്പ്, വ്യവസായ പ്രമുഖരുമായുള്ള ആശയവിനിമയം, സ്റ്റാർട്ടപ്പ് മിഷൻ വഴിയുള്ള ഫണ്ടിംഗ് അവസരങ്ങൾ എന്നിവയും ലഭിക്കും. രാജ്യത്തെ 17 സംസ്ഥാനങ്ങളിൽ നിന്നായി ലഭിച്ച 700 അപേക്ഷകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 62 ടീമുകളാണ് ഹാക്കത്തോണിൽ പങ്കെടുത്തത്.

എഐ ഡെവലപ്പർമാർ, സ്റ്റാർട്ടപ്പ് സ്ഥാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവരടങ്ങുന്ന 250ഓളം പേർ മത്സരത്തിന്റെ ഭാഗമായി. മനുഷ്യ ഇടപെടൽ കുറച്ചുകൊണ്ട് സ്വയം പ്രവർത്തിക്കാനും തീരുമാനങ്ങൾ എടുക്കാനും കഴിയുന്ന ഏജന്റിക് എഐ സംവിധാനങ്ങൾ വികസിപ്പിക്കാനാണ് ഹാക്കത്തോണിലൂടെ ലക്ഷ്യമിട്ടത്. സ്വയം പ്രവർത്തിക്കുന്ന ടാസ്ക് ഏജന്റുകൾ, തൊഴിൽ ഓട്ടോമേഷൻ സംവിധാനങ്ങൾ, പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്ന ടൂളുകൾ തുടങ്ങിയ മേഖലകളിലാണ് പങ്കെടുക്കുന്നവർ സാങ്കേതിക പരിഹാരങ്ങൾ തയ്യാറാക്കിയത്. രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങളുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. കൊച്ചി ഡിജിറ്റൽ ഹബിൽ നടന്ന ഹാക്കത്തോൺ കെഎസ് യുഎം സിഇഒ അനൂപ് അംബികയാണ് ഉദ്ഘാടനം ചെയ്തത്.

# റൺ ഫോർ സേഫ്റ്റി മാരത്തോൺ 2026 സംഘടിപ്പിച്ചു

**കൊച്ചി:** ദേശീയ സുരക്ഷാ ദിനാചരണത്തിന്റെ ഭാഗമായി നാഷണൽ സേഫ്റ്റി കൗൺസിലും സിക്സ് ഗാർഡ്സ് സേഫ്റ്റിയും ടോക്എച് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും ചേർന്ന് റൺ ഫോർ സേഫ്റ്റി മാരത്തോൺ 2026 സംഘടിപ്പിച്ചു. സിക്സ് ഗാർഡ്സ് സേഫ്റ്റി മാനേജിംഗ് ഡയറക്ടറും സിഇഒയുമായ വിനീത് ജേക്കബ് ഫ്ളാഗ് ഓഫ് ചെയ്തു. നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ സെക്രട്ടറി എ. എൽ ജാക്സൺ, ടോക്എച് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി അസോസിയേറ്റഡ് പ്രൊഫ. ഡോ. സ്റ്റെഫി ജെയിംസ് തുടങ്ങിയവർ പങ്കെടുത്തു.

തൊഴിലിടങ്ങളിലും സമൂഹത്തിലും സുരക്ഷയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ടാണ് മാരത്തോൺ സംഘടപ്പിച്ചതെന്ന് എ എൽ ജാക്സൺ പറഞ്ഞു. മാരത്തോണിൽ വിജയികളായവർക്ക് വിനീത് ജേക്കബ് മെഡലുകൾ സമ്മാനിച്ചു.

# ജിയോ ആഗോള ബിസിനസിന് നേതൃത്വം നൽകാൻ ഡാൻ ബെയ്‌ലി

**കൊച്ചി / ന്യൂഡൽഹി:** ജിയോ പ്ലാറ്റഫോംസ് ലിമിറ്റഡ് അന്താരാഷ്ട്ര ബിസിനസ് പദ്ധതികൾക്ക് നേതൃത്വം നൽകാൻ ഡാൻ ബെയ്‌ലിയെ പ്രസിഡന്റായി നിയമിച്ചു. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡാൻ, റിലയൻസ് ജിയോ ചെയർമാൻ ആകാശ് അംബാനിക്ക് റിപ്പോർട്ട് ചെയ്യും. ഡാൻ 35 വർഷത്തിലധികം കൺസൾട്ടിംഗിലും ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗിലും പരിചയ സമ്പത്ത് നേടിയ വ്യക്തിയാണ്. അദ്ദേഹം ശ്രോഡേഴ്സ്/സിറ്റി ഗ്രൂപ്പ്, മോർഗൻ സ്റ്റാൻലി, എച്ച് എസ് ബി സി എന്നിവിടങ്ങളിൽ സീനിയർ ലീഡർഷിപ്പ് നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ, ഡൊയിച് ബാങ്കിൽ പ്രമുഖ ടി എം ടി വിഭാഗത്തിന്റെ ചെയർമാനായും സേവനമനുഷ്ഠിച്ചു. ജിയോ പ്ലാറ്റഫോംസ് വാർഷിക പൊതുയോഗത്തിൽ വ്യക്തമാക്കിയതുപോലെ, ജിയോയുടെ അടുത്ത വളർച്ചാ ഘട്ടം ഇന്ത്യയെ അതിർവരമ്പാക്കി നിൽക്കുന്നതല്ല. കഴിഞ്ഞ ഒരു ദശാബ്ദത്തിൽ, ഒരു 100 കോടി ആളുകളുടെ കണക്റ്റിവിറ്റിയും ഡിജിറ്റൽ ആക്സസും മാറ്റിമറിച്ച നൂതന ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും സാങ്കേതികവിദ്യകളും ജിയോ വികസിപ്പിച്ചിട്ടുണ്ടെന്ന് ആകാശ് അംബാനി വ്യക്തമാക്കി. 'ഡാൻ പല വർഷങ്ങളായി ഞങ്ങൾക്ക് വിശ്വസ്ത ഉപദേഷ്ടാവായിരുന്നു. ഞങ്ങളുടെ വളർച്ചയിലും വികസനത്തിലും അദ്ദേഹത്തിന്റെ ഉപദേശം അമൂല്യമായിരുന്നുവെന്നും ആകാശ് അംബാനി വ്യക്തമാക്കി.

# ടാറ്റ എഐഎ ലൈഫിന്റെ ഗ്ലോബൽ ഇക്വിറ്റി ഫണ്ട്

**കൊച്ചി:** ടാറ്റ എഐഎ ഗ്ലോബൽ ഇക്വിറ്റി ഫണ്ട് അവതരിപ്പിച്ചു. ആഗോള ഓഹരികളിലും മ്യൂചൽ ഫണ്ടുകളും ഇടിഎഫുകളും അടക്കമുള്ള ഓഹരി അധിഷ്ഠിത പദ്ധതികളിലും നിക്ഷേപിച്ചു ദീർഘകാല മൂലധന വളർച്ച കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ടാറ്റ എഐഎ ലൈഫ് ഇൻഷൂറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ ഹർഷദ് പട്ടീൽ പറഞ്ഞു. പദ്ധതിയുടെ നിക്ഷേപത്തിന്റെ 70 മുതൽ 100 ശതമാനം വരെ ഓഹരി അധിഷ്ഠിത പദ്ധതികളിലാവും നിക്ഷേപിക്കുക. 30 ശതമാനം വരെ ഡെറ്റ്, കാഷ്, മണി മാർക്കറ്റ് പദ്ധതികളിൽ നിക്ഷേപിക്കും. മാർച്ച് അഞ്ചു വരെയാണ് ഈ പദ്ധതിയുടെ എൻഎഫ്ഒ ലഭ്യമാകുക. മാർച്ച് അഞ്ച് അർധരാത്രി പോളിസി വ്യവസ്ഥകൾക്ക് അനുസൃതമായി പത്തു ഡോളർ എൻഎവിയിൽ യൂണിറ്റുകൾ നൽകും. ലോകത്തിലെ ഏറ്റവും മികച്ച നിലയിലുള്ള കമ്പനികളിലും വിവിധ രാജ്യങ്ങളിലായി വളർന്നു വരുന്ന മേഖലകളിലും നിക്ഷേപിച്ചു നേട്ടമുണ്ടാക്കാനുള്ള അവസരമാണ് ആഗോള വിപണി ലഭ്യമാക്കുന്നതെന്നും ഹർഷദ് പട്ടീൽ പറഞ്ഞു. ദീർഘകാല നിക്ഷേപം വളർത്തിയെടുക്കുന്നതിൽ ആഗോള തലത്തിലെ വൈവിധ്യവൽക്കരണം ഏറെ നിർണായകമാണ്. ഗ്ലോബൽ ഇകിറ്റി ഫണ്ടിലൂടെ കൃത്യമായ ചട്ടക്കൂടോടു കൂടിയ പ്രൊഫഷണലായി മാനേജു ചെയ്യുന്ന ആഗോള തലത്തിലെ വളർച്ചാ അവസരങ്ങൾ പ്രയോജനപ്പെടുത്താനാണ് നിക്ഷേപകർക്ക് അവസരം ലഭ്യമാക്കുന്നത്. അതോടൊപ്പം ലൈഫ് ഇൻഷൂറൻസ് പരിരക്ഷയും പ്രദാനം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

# ട്രിപ്പിൾ ഐ.ഡിയുടെ കല, കായൽ, കഥകൾ ദേശീയ സംഗമം

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇന്റീരിയർ ഡിസൈനേഴ്സ് (ട്രിപ്ൾ ഐ ഡി) കേരള ചാപ്റ്റർ കല, കായൽ, കഥകൾ എന്ന പേരിൽ മാർച്ച് ഏഴ്, എട്ട് തീയതികളിൽ ഫോർട്ട്കൊച്ചിയിൽ ആർക്കിടെക്റ്റുകളുടെയും ഇന്റീരിയർ ഡിസൈനർമാരുടെയും ട്രേഡ് മെംബർമാരുടെയും ദേശീയ സംഗമം സംഘടിപ്പിക്കുന്നു. കൊച്ചി മുസിരിസ് ബിനാലെ സന്ദർശനം, കായലിൽ കയാക്കിംഗ്, അഡാപ്റ്റീവ് റീയൂസ് അധിഷ്ഠിത പഠന കളരി എന്നിവയാണ് കല, കായൽ, കഥകളുടെ ഭാഗമായി നടക്കുന്നത്. ട്രിപ്ൾ ഐ ഡി ദേശീയ പ്രസിഡന്റ് ജിഗ്നേഷ് മോഡി സംഗമത്തിലെ മുഖ്യാതിഥിയായിരിക്കും.

# 'റംസാൻ നിലാവു'മായി സപ്ലൈകോ

**കൊച്ചി:** റംസാൻ പ്രമാണിച്ച് പ്രത്യേക കിറ്റുമായി സപ്ലൈകോ. റംസാൻ നിലാവ് എന്ന് പേരിട്ടിരിക്കുന്ന കിറ്റിൽ 1,018 രൂപ വിപണി വില വരുന്ന 15 ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ കിറ്റ് ഉപഭോക്താവിന് 786 രൂപയ്ക്ക് നൽകും. ഒരു കിലോ വീതം ശബരി അപ്പം പൊടി, പുട്ടുപൊടി, 100 ഗ്രാം വീതം ചിക്കൻ മസാല, പെരുഞ്ചീരകം, മീറ്റ് മസാല, ജീരകം, മല്ലിപ്പൊടി, മുളകുപൊടി, കാശ്മീരി മുളകുപൊടി, 50 ഗ്രാം കുരുമുളകുപൊടി, ഒരു കിലോ വീതം റവ, പഞ്ചസാര, 250 ഗ്രാം ശബരി ഗോൾഡ് ചായപ്പൊടി, ഏലക്കായ 20 ഗ്രാം, അിപ്പരിപ്പ് 50ഗ്രാം എന്നിവയാണ് കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാർച്ച് 20 വരെയാണ് ഈ ഓഫർ.

# ഇന്ത്യ–ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ: സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറുമായി ബന്ധപ്പെട്ട് ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) എന്നിവർ ഒമാൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഒ.സി.സി.ഐ) യുമായി സഹകരിച്ച് കൊച്ചിയിൽ സെമിനാർ സംഘടിപ്പിച്ചു. വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന ബിസിനസ് പ്രമുഖരും നിക്ഷേപകരും വ്യാപാര രംഗത്തെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിന്റെ ഭാഗമായി ഉയർന്നുവരുന്ന വ്യാപാര, നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചായിരുന്നു പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇൻമെക് ചെയർമാൻ ഡോ. എൻ. എം ഷറഫുദ്ദീൻ ആമുഖ പ്രഭാഷണം നിർവഹിച്ചു. ഇരു രാജ്യങ്ങളുടെയും സാമ്പത്തിക സഹകരണത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ സെമിനാർ നിർണായക ചുവടുവെയ്പാണെന്ന് അദ്ദേഹം പറഞ്ഞു. ഗൾഫാർ ഗ്രൂപ്പ് സ്ഥാപകൻ പി. മുഹമ്മദാലി ചടങ്ങിൽ പങ്കെടുത്ത് ഒമാനി പ്രതിനിധികളെ ആദരിച്ചു. ഒമാനിലെ ഇന്ത്യയുടെ അംബാസഡർ ജി. വി ശ്രീനിവാസ് മസ്




ക്കത്തിൽ നിന്ന് ഓൺലൈനായി സെമിനാറിൽ പങ്കെടുത്തു. ഒമാനിൽ നിക്ഷേപിക്കാൻ താത്പര്യമുള്ള ഇന്ത്യൻ സംരംഭകർക്കും ബിസിനസുകൾക്കും പൂർണ്ണ പിന്തുണ ഉറപ്പുനൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഇൻവെസ്റ്റ് ഒമാൻ സീനിയർ പ്രൊജക്ട് മാനേജർ യാരുബ് നാസർ ഖമീസ്, ഒമാൻ തൊഴിൽ മന്ത്രാലയത്തിലെ ലോജിസ്റ്റിക്സ് എൻജിനിയർ അൽ യഖ്ദാൻ മുഹമ്മദ് സഹിർ, കിംഗ്സ് കോളജ് ലൻ ഒമാൻ സ്മാർട്ട് ഇൻവെസ്റ്റ്മെന്റ് ഗേറ്റ് വേ ബോർഡ് അംഗം ഡോ. യൂസഫ് ഹമീദ് ഹുമൈദ്, ദുഖം പ്രത്യേക സാമ്പത്തിക മേഖല സി ഇ ഒ എഞ്ചി. അഹമ്മദ് അലി അക്കാക്, ഒമാൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി ബോർഡ് അംഗം അബ്ദുൽ ലതീഫ് തുടങ്ങി ഒമാനിൽ നിന്നുള്ള പ്രതിനിധി സംഘം സെമിനാറിൽ പങ്കെടുത്തു. ഫിക്കി കേരള ചാപ്റ്റർ ഹെഡ് സാവിയോ മാത്യു പ്രസംഗിച്ചു.

# സൗജന്യ പ്രതിരോധ പരിശീലനം നൽകും

**കൊച്ചി:** ലോക വനിതാദിനാചരണത്തോടനുബന്ധിച്ച് ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചിൻ ബ്രാഞ്ചിലെ വനിതാ ഡോക്ടർമാരുടെ നേതൃത്വത്തിൽ മാർച്ച് എട്ടിന് കൊച്ചി കമ്മീഷണറേറ്റ് ഓഫ് പോലീസുമായി സഹകരിച്ച് വനിതകൾക്കായി സൗജന്യ പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിക്കും.

വൈകുന്നേരം 03.30 ന് കലൂർ ഐ.എം. എ ഹൗസിൽ നടക്കുന്ന പരിശീലന പരിപാടി ഐ.എ.പി ദേശീയ വൈസ് പ്രസിഡന്റ് ഡോ. ഒ. ജോസ് ഉദ്ഘാടനം ചെയ്യും. കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ. കെ.ജി വിജയൻ അധ്യക്ഷത വഹിക്കും.

സെക്രട്ടറി ഡോ. സത്യജിത്ത് നായർ, ട്രഷറർ ഡോ. തോമസ് രഞ്ജിത് തുടങ്ങിയവർ പങ്കെടുക്കും. എ. എസ്. ഐ മാരായ ലിസി മത്തായി, രത്നമണി, സി.പി.ഒ മാരായ ശ്യാമ, ജാൻസി എന്നിവർ പരിശീലന പരിപാടിയ്ക്ക് നേതൃത്വം വഹിക്കും.

# തൊഴിലുടമകൾക്കായി ഇഎസ്ഐസി പരാതി പരിഹാര മേള ഇന്ന്

**കൊച്ചി:** ഇഎസ്ഐ കോർപ്പറേഷൻ സബ് റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ തൊഴിലുടമകൾക്കായി പരാതി പരിഹാര മേള (സുവിധാ സമാഗമം) ഇന്ന് സംഘടിപ്പിക്കും. കളത്തിപറമ്പ് റോഡിലെ ബിഎസ്എൻഎൽ ഭവനിൽ പ്രവർത്തിക്കുന്ന ഇഎസ്ഐസി സബ് റീജിയണൽ ഓഫീസിലെ ആറാം നിലയിലുള്ള സെമിനാർ ഹാളിൽ വൈകുന്നേരം മൂന്നിനാണ് പരിപാടി നടക്കുന്നത്. എല്ലാ ഗുണഭോക്താക്കളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ജോയിന്റ് ഡയറക്ടർ പ്രശാന്ത് ഡി അറിയിച്ചു.

ഇഎസ്ഐ പദ്ധതിയുടെ 75ാം വാർഷികത്തോടനുബന്ധിച്ച് മാർച്ച് 10 വരെ സ്പെഷ്യൽ സർവീസസ് ഫോർട്ട്നൈറ്റ് ആചരിക്കുന്നതിന്റെ ഭാഗമായാണ് മേള സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, ആരോഗ്യ പരിശോധനാ ക്യാമ്പുകൾ എന്നിവ നടക്കുന്നുണ്ട്. ഗുണഭോക്താക്കളുടെ പരാതി പരിഹാരം, ഇൻഷ്വർ ചെയ്ത വ്യക്തികളുടെയും സേവന ദാതാക്കളുടെയും തീർപ്പുകല്പിക്കാത്ത ബില്ലുകൾ, ക്ലെയിമുകൾ എന്നിവ തീർപ്പാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളും ഇഎസ്ഐസി ഓഫീസുകളിലും മെഡിക്കൽ സ്ഥാപനങ്ങളിലുമായി സംഘടിപ്പിച്ചുവരുന്നുണ്ട്.

# ഡയപ്പർ മാലിന്യം; ശാസ്ത്രീയ പരിഹാരവുമായി ‘ഡയപ്പർ ഡിസോൾവർ’

**കൊച്ചി:** ആഗോള തലത്തിൽ വലിയ വെല്ലുവിളിയായ ഡയപ്പർ, സാനിറ്ററി നാപ്കിൻ മാലിന്യ പ്രശ്നത്തിന് ശാസ്ത്രീയ പരിഹാരമായി ഡയപ്പർ ഡിസോൾവർ’ എന്ന പുതിയ ഉൽപ്പന്നം അവതരിപ്പിച്ച് ഹൈജീൻ ലാബോറട്ടറീസ്.




ഉപയോഗിച്ച ഡയപ്പറും നാപ്കിനും ലയിപ്പിക്കാൻ കഴിയുന്ന ലോകത്തിലെ ആദ്യ പേറ്റന്റ് ഉത്പ്പന്നമാണിതെന്ന് സംരംഭകർ പറഞ്ഞു. മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റത്തിന് ഇത് വഴിയൊരുക്കുമെന്നാണ് വിലയിരുത്തൽ. ടോയ്‌ലറ്റുകളിലേക്കും തുറന്ന ചാലുകളിലേക്കും മാലിന്യകൂമ്പാരങ്ങളിലേക്കും ഡയപ്പർ തള്ളുന്ന സാഹചര്യം വളരെ വ്യാപകമാണ്. ഡയപ്പറുകളിലും നാപ്കിനുകളിലും ഉള്ള ജെൽ ഘടകമായ ’സോഡിയം പോളി അക്രിലേറ്റ്’ എന്ന രാസവസ്തു വെള്ളം തട്ടുമ്പോൾ വീർത്ത് ഡ്രെയിനേജുകൾ മൂടുകയും വെള്ളക്കെട്ട് ഉണ്ടാക്കുകയും ചെയ്യും. മണ്ണിലും ജലാശയങ്ങളിലും വർഷങ്ങളോളം ഈ മാലിന്യം നിലനിൽക്കും. പല പാളികളുള്ള പ്ലാസ്റ്റിക് ഘടനയും ജെൽ കോറും ഉള്ളതിനാൽ ഇത് എളുപ്പത്തിൽ നശിക്കുകയില്ലെന്നും ഹൈജീൻ ലാബോറട്ടറീസ് സ്ഥാപകൻ ഇമാം ഹസ്സൻ പറഞ്ഞു. ആ ജെൽ പൂർണ്ണമായി ലയിപ്പിക്കുകയാണ് ഈ ഉത്പ്പന്നം ചെയ്യുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. പരിസ്ഥിതി സൗഹൃദമായ ‘ഡയപ്പർ ഡിസോൾവർ’ പൊടിയായാണ് ലഭിക്കുക. വെള്ളത്തിൽ കലക്കി ഉപയോഗിക്കാം. ഉപയോഗിച്ച ഡയപ്പർ അല്ലെങ്കിൽ നാപ്കിൻ മുപ്പത് മിനിറ്റ് അതിൽ മുക്കിയാൽ ജെൽ ഭാഗം പൂർണ്ണമായി ലയിക്കും. ശേഷിക്കുന്ന പ്ലാസ്റ്റിക് ഭാഗങ്ങൾ വേർതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാം. വീട്ടുപയോഗത്തിനും ആശുപത്രികൾക്കും, മാലിന്യ സംസ്കരണ സ്ഥാപനങ്ങൾക്കും അനുയോജ്യമായ രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉത്പ്പന്നത്തിന്റെ ഉപയോഗം പ്രായോഗിക തലത്തിൽ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യശുചിത്വ വകുപ്പുകൾ, സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി എന്നിവയുമായി സഹകരിച്ച് തെരഞ്ഞെടുത്ത ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുകയാണ് ലക്ഷ്യം. റെസിഡന്റ്സ് അസോസിയേഷനുകൾ, ആശുപത്രികൾ, പ്രസവകേന്ദ്രങ്ങൾ, ശിശു സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുമായി ചേർന്ന് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കും. ഇൻഡസ്ട്രിയൽ കെമിസ്റ്റ് സാന്ദ്ര നാരായണൻകുട്ടി, അഡ്വ. കെ.വൈ. സുധീന്ദ്രൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# മഹീന്ദ്ര എക്സ്ഇവി 9ഇ സിനിലക്സ് എഡിഷൻ പുറത്തിറക്കി

**കൊച്ചി:** മഹീന്ദ്ര എക്സ്ഇവി 9ഇ സിനിലക്സ് എഡിഷൻ പുറത്തിറക്കി. മികച്ച നിർമാണ വൈദഗ്ധ്യവും സാങ്കേതികവിദ്യയും ഒരുപോലെ ഒത്തുചേരുന്ന പുതിയ മോഡൽ, ആഡംബരം അനുഭവിച്ചറിയാൻ ആഗ്രഹിക്കുന്നവരെ മുന്നിൽകണ്ടാണ് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു. 29.35 ലക്ഷം രൂപയാണ് മഹീന്ദ്ര എക്സ്ഇവി 9ഇ സിനിലക്സ് എഡിഷന്റെ എക്സ്ഷോറൂം വില. മാർച്ച് രണ്ടിന് ബുക്കിങ് ആരംഭിച്ചു, മാർച്ച് 10 മുതൽ വാഹനം ഉപഭോക്തോക്കളിലേക്കെത്തും.

സാറ്റിൻ ബ്ലാക്ക്, സാറ്റിൻ വൈറ്റ് എന്നീ സവിശേഷമായ എക്സ്റ്റീരിയർ നിറങ്ങളിൽ എക്സ്ഇവി 9ഇ സിനിലക്സ് എഡിഷൻ ലഭ്യമാവും. ചെസ്റ്റ്നട്ട് ബ്രൗൺ, നോക്ചേൺ ബ്ലാക്ക് എന്നീ സ്മൂത്ത് ഗ്രെയിൻ ലെതറെറ്റ് ഇന്റീരിയറുകളും സവിശേഷതയാണ്.



കോസ്റ്റ്ടുകോസ്റ്റ് ട്രിപ്പിൾ എച്ച്ഡി ഡിസ്പ്ലേയും, ഡോൾബി അറ്റ്മോസ് സൗകര്യമുള്ള 16 സ്പീക്കർ ഹർമൻ കാർഡൺ ഓഡിയോ സിസ്റ്റവും യാത്രക്കാർക്ക് സ്റ്റുഡിയോ നിലവാരത്തിലുള്ള ഓഡിയോവിഷ്വൽ അനുഭവം നൽകും. എക്സ്ഇവി 9ഇ സിനിലക്സ് എഡിഷനിൽ 79 കിലോവാട്ട് ബാറ്ററിയാണ് ഉപയോഗിച്ചിരിക്കുന്നത്. ഒറ്റ ചാർജിൽ 500 കിലോമീറ്ററിലധികം റേഞ്ച് ഇത് വാഗ്ദാനം ചെയ്യുന്നു. എക്സ്ക്ലൂസീവ് ഫിനിഷുകൾക്ക് പുറമെ പാക്ക് ത്രീയിലെ അത്യാധുനിക ഫീച്ചറുകളെല്ലാം എക്സ്ഇവി 9ഇ സിനിലക്സ് എഡിഷനിലുമുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# കോക്ലിയർ ന്യൂക്ലിയസ് നെക്സ സിസ്റ്റം പുറത്തിറക്കി


**കൊച്ചി:** ശരീരത്തിൽ പിടിപ്പിക്കാവുന്ന ശ്രവണ സഹായികളുടെ ആഗോളതലത്തിലെ മുൻനിരക്കാരായ കോക്ലിയർ ലോകത്തിലെ ആദ്യത്തെ സ്മാർട്ട് കോക്ലിയർ ഇംപ്ലാന്റ് സിസ്റ്റമായ കോക്ലിയർ ന്യൂക്ലിയസ് നെക്സ സിസ്റ്റം പുറത്തിറക്കി.

20 വർഷത്തിലേറെ നീണ്ട ഗവേഷണവും വികസനവും അടിസ്ഥാനമാക്കിയാണ് ന്യൂക്ലിയസ് നെക്സ സിസ്റ്റം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കോക്ലിയർ സൗത്ത് ഏഷ്യ ആന്റ് സൗത്ത് ഈസ്റ്റ് ഏഷ്യ റീജിയണൽ ജനറൽ മാനേജർ വന്ദന പിഷാരടി പറഞ്ഞു. ഡിജിറ്റൽ നവീകരണത്തിലും നിർമ്മിത ബുദ്ധി അധിഷ്ഠിത മാറ്റങ്ങളിലും ഇന്ത്യ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതേ പുരോഗതി




യുടെ പ്രതിഫലനമായ ഈ വിപ്ലവകരമായ കണ്ടെത്തൽ ശ്രവണപരിചരണത്തെ കൂടുതൽ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ കേൾവി പരിമിതിയുള്ളവർക്കും ആരോഗ്യ വിദഗ്ദ്ധർക്കും കഴിയുമെന്ന് വന്ദന പിഷാരടി പറഞ്ഞു. ഇന്ന് ലഭ്യമായ പരമ്പരാഗത കോക്ലിയർ ഇംപ്ലാന്റുകൾക്ക് അവരുടെ സൗണ്ട് പ്രോസസർ അപ്ഗ്രേഡ് ചെയ്തുകൊണ്ട് മാത്രമേ ഭാവിയിലെ നവീകരണം ലഭ്യമാകൂ. എന്നാൽ ന്യൂക്ലിയസ് നെക്സ സിസ്റ്റം ഉപയോഗിക്കുന്ന ആളുകൾക്ക് അവരുടെ സ്മാർട്ട് ഇംപ്ലാന്റിലെ ഫേം വെയറിലേക്കുള്ള അപഡേറ്റുകളിലൂടെയും കാലക്രമേണ അവരുടെ സൗണ്ട് പ്രോസസറിലേക്കുള്ള അപ്ഗ്രേഡുകളിലൂടെയും പുതിയ സവിശേഷതകളും സാങ്കേതിക പുരോഗതികളും അനുഭവിക്കാനാകും. ലോകമെമ്പാടുമുള്ള ആളുകൾക്ക് 750,000ത്തിലധികം ശ്രവണ ഇംപ്ലാന്റുകൾ കോക്ലിയർ നൽകിയിട്ടുണ്ട്. പുതിയ കോക്ലിയർ ന്യൂക്ലിയസ് നെക്സ സിസ്റ്റം ഈ മാസം മുതൽ ഇന്ത്യയിൽ ലഭ്യമാണെന്നും അവർ വ്യക്തമാക്കി.

# യെസ്ഡി സ്പെഷ്യൽ റോഡ്സ്റ്റർ അവതരിപ്പിച്ചു




**കൊച്ചി:** യെസ്ഡി റെഡ് വുൾഫ് എന്ന പുതിയ സ്പെഷ്യൽ എഡിഷൻ റോഡ്സ്റ്റർ 'റെഡ് മൂൺ' അവതരിപ്പിച്ചു. എക്സോസ്റ്റ്, എഞ്ചിൻ, ഹാൻഡിൽ ബാർ എന്നിവയിൽ ക്രോം ഉപയോഗിച്ച ആഴത്തിലുള്ള ചുവപ്പ് നിറമാണ് ബൈക്കിന്റെ പ്രത്യേകത. 350 ആൽഫാ 2 ലിക്വിഡ് കൂൾഡ് എഞ്ചിനോടൊപ്പം 6 സ്പീഡ് ഗിയർ ബോക്സും അസിസ്റ്റന്റ് സ്ലിപ്പർ ക്ലച്ചും ലഭിക്കുന്നുവെന്ന് കമ്പനി അധികൃതർ പറഞ്ഞു. സമൃദ്ധമായ ബ്രൗൺ സീറ്റ്, മോഡുലാർ ക്രമീകരണം, ഡ്യുവൽചാനൽ ABS, 350 കിലോമീറ്ററിൽ കൂടുതലുള്ള റേഞ്ച് എന്നിവ ടൂറിംഗ് സൗകര്യം ഉറപ്പാക്കുന്നു. 1970കളിലെ ശൈലിയും ആധുനിക പ്രകടന ശേഷിയും ഒന്നിച്ച് കൊണ്ടുവരുന്നതാണ് റെഡ് വുൾഫ് എന്നും കമ്പനി അധികൃതർ പറഞ്ഞു.

# സംസ്ഥാന പോളിടെക്നിക് കോളജ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് തുടക്കം

**കൊച്ചി:** 65ാമത് സംസ്ഥാന പോളിടെക്നിക് കോളജ് ഗെയിംസിന്റെ അത്‌ലറ്റിക് മത്സരങ്ങൾക്ക് എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ തുടക്കം. വർണാഭമായ മാർച്ച്പാസ്റ്റിന് ശേഷം നടന്ന ചടങ്ങിൽ ടി.ജെ വിനോദ് എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. സാങ്കേതിക വിദ്യാഭാസ വകുപ്പ് സീനിയർ ജോ.ഡയറക്ടർ ആനി എബ്രഹാം അധ്യക്ഷയായി. കളമശേരി എസ്.ഐ.ടി.ടി.ആർ ഡെപ്യൂട്ടി ഡയറക്ടർ ദീപ കെ.ആർ, കെ.പി.സി.എസ്.ജി സെക്രട്ടറി എ.മുഹമ്മദ് ഷിജു, ജോ.സെക്രട്ടറി നെഗുൽബ്രൈറ്റ് പി.എസ്, കോട്ടയം ഗവ.പോളിടെക്നിക് കോളജ് പ്രിൻസിപ്പൾ ഡോ.ആശ എൻ.ഡി എന്നിവർ സംസാരിച്ചു. ആദ്യദിനം മൂന്ന് ഇനങ്ങളിൽ മാത്രമാണ് ഫൈനൽ നടന്നത്. വനിതാവിഭാഗം ഹൈജമ്പിൽ കാസർഗോഡ് പെരിയ ഗവ.പോളിടെക്നിക് കോളജിലെ പി.എസ് മാളവിക 1.31 മീറ്റർ ചാടി സ്വർണം നേടി. കോഴിക്കോട് ഗവ.വനിത പോളിടെക്നിക് കോളജിലെ സ്നേഹ ചന്ദ്രൻ വെള്ളിയും, കെ.പി ദുർഗ വെങ്കലവും നേടി. പുരുഷ വിഭാഗം 5000 മീറ്റർ ഓട്ടത്തിൽ വെണ്ണികുളം എംവിജിഎം പോളിടെക്നിക് കോളജിലെ വി. വൈഷ്ണവ് (18:38.27) ഒന്നാമനായി. തിരൂരങ്ങാടി അവുകാദർ കുട്ടി നഹ സാഹിബ് മെമ്മോറിയൽ പോളിടെക്നിക്കിലെ പി.പി മുബാഷിർ വെള്ളിയും (18:45.26), തിരൂർ സീതിസാഹിബ് മെമ്മോറിയൽ പോളിടെക്നിക് കോളജിലെ മുഹമ്മദ് പി.ടി റയ്യാൻ വെങ്കലവും (19:14.28) സ്വന്തമാക്കി. ആൺകുട്ടികളുടെ ലോങ്ജമ്പിൽ മൂവാറ്റുപുഴ ഇലാഹിയ പോളിടെക്നിക് കോളജിലെ കെ.ബി ആദിത്യൻ (6.65) സ്വർണം നേടി. കണ്ണൂർ ഗവ.പോളിയിലെ കെ.അഭിജിത് വെള്ളിയും, എടവന ഓർഫനേജ് പോളിയിലെ അബ്ദുൽ അലീം വെങ്കലവും നേടി. മീറ്റിന്റെ അതിവേഗക്കാരെ നിർണയിക്കുന്ന 100 മീറ്റർ ഓട്ടം, ആൺ, പെൺ വിഭാഗം സ്പ്രിന്റ് റിലേ, പോൾവോൾട്ട്, ട്രിപ്പിൾ ജമ്പ്, ഹൈജമ്പ്, ജാവലിൻ ത്രോ, ഷോട്ട്പുട്ട് ഇനങ്ങളിൽ ഉൾപ്പെടെ 15 ഫൈനലുകൾ ഇന്ന് അരങ്ങേറും. സംസ്ഥാനത്തെ 110 പോളിടെക്നിക് കോളജുകളിൽ നിന്നായി ര ണ്ടായിരത്തോളം വിദ്യാർഥികളാണ് അത്‌ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നത്. മീറ്റ് നാളെ സമാപിക്കും.

# വനിതാ ഹാക്കത്തോൺ 'ടിങ്ക് ഹെർ ഹാക്ക്'സമാപിച്ചു




**തിരുവനന്തപുരം:** സ്ത്രീകളെ സാങ്കേതിക വിദ്യയുടെ നൂതന രംഗങ്ങളിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി ടിങ്കർഹബ് സംഘടിപ്പിച്ച 'ടിങ്ക് ഹെർ ഹാക്ക്' തിരുവനന്തപുരം ജില്ലയിലെ വിവിധ കോളേജുകളിൽ സമാപിച്ചു. ലോകത്തിലെ ഏറ്റവും വലിയ വനിതാ ഓഫ് ലൈൻ ഹാക്കത്തോണായി അറിയപ്പെടുന്ന ഈ പരിപാടിയിൽ നൂറുകണക്കിന് വിദ്യാർത്ഥിനികൾ പങ്കെടുത്തു. കൂടുതൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ സൗകര്യമൊരുക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായാണ് ഹാക്കത്തോൺ സംഘടിപ്പിച്ചത്. വിവിധ വേദികളിലായി നടന്ന പരിപാടിയിൽ നിരവധി വിദ്യാർത്ഥിനികൾ പങ്കെടുത്തു. എൽ ബി എസ് ക്യാമ്പസിൽ നടന്ന എഡിഷനിൽ മാത്രം ഏകദേശം 100 വിദ്യാർത്ഥിനികൾ പങ്കെടുത്തു. ഒരു രാത്രി മുഴുവൻ നീണ്ട ഹാക്കത്തോണിൽ പുതിയ സാങ്കേതിക വിദ്യകൾ പഠിക്കാനും പ്രോജക്റ്റുകൾ വികസിപ്പിക്കാനും വിദ്യാർത്ഥിനികൾക്ക് അവസരം ലഭിച്ചു.

കേരള സ്റ്റാർട്ടപ്പ് മിഷൻ, സമാഗത ഫൗണ്ടേഷൻ, ഐ ഇ ഡി സി, ഐ ഇ ഇ ഇ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയിൽ അവതരിപ്പിച്ച ശ്രദ്ധേയമായ പ്രോജക്റ്റുകളിൽ ട്രസ്റ്റോർ, ലൂമിൻ ജേണൽ എന്നിവ ഉൾപ്പെടുന്നു. വീട്ടമ്മമാരെയും യുവ സംരംഭകരെയും സമീപത്തെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്ന ഹൈപ്പർലോകൽ മാർക്കറ്റ് പ്ലാറ്റ്ഫോമാണ് ട്രസ്റ്റോർ. ഒരേസമയം പലർക്കും എഴുതാനും ചിത്രങ്ങൾ വരയ്ക്കാനും കഴിയുന്ന തത്സമയ സഹകരണ ഡിജിറ്റൽ ജേണലാണ് ലൂമിൻ ജേണൽ.

